വനിതാ കമ്മീഷന്റെ പ്രവർത്തനം

37(3118) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ നിലവിൽ വന്ന വനിതാ കമ്മീഷന്റെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രവർത്തനം തൃപ്തികരമാണോ;

(ബി) വനിതാ കമ്മീഷൻ ചെയർപേഴ്സൺ രാഷ്ട്രീയ വിവേചനം കാണിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) വനിതാ കമ്മീഷൻ ചെയർപേഴ്സന് സർക്കാർ ആശുപത്രിയിലും സ്വകാര്യ ആശുപത്രിയിലും മെഡിക്കൽ സൗകര്യം അനുവദിച്ചിട്ടുണ്ടോ; ചികിത്സയ്ക്കുവേണ്ടി ഈ കാലയളവിൽ അനുവദിച്ച തുക എത്ര?

ഉത്തരം

(എ) പ്രവർത്തനം വിലയിരുത്തി വരികയാണ്.

(ബി) 11/97-ൽ പാലക്കാട് നടന്ന നീതിമേളയിൽ ചെയർപേഴ്സൺ രാഷ്ട്രീയ വിവേചനം കാണിച്ചു എന്നാരോപിച്ചുകൊണ്ട് പരാതി ലഭിച്ചിരുന്നു. ചെയർ പേഴ്സൺ പിന്നീടു നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിൽമേൽ നടപടിയൊന്നും സ്വീകരിക്കുകയുണ്ടായില്ല.

(സി) ഉണ്ട്. വനിതാ കമ്മീഷൻ ചെയർപേഴ്സന് ചികിത്സയ്ക്കു വേണ്ടി 1996- മുതൽ ഇതേവരെ 8202/- രൂപ കമ്മീഷനിൽനിന്നും അനുവദിച്ചിട്ടുണ്ട്.

വനിതാകമ്മീഷൻ ചെയർപേഴ്സന് നൽകുന്ന ആനുകൂല്യങ്ങൾ

38 (3119)ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ കമ്മീഷൻ ചെയർപേഴ്സന് എന്തൊക്കെ സൗകര്യങ്ങളും ആനുകൂല്യങ്ങളുമാണ് സർക്കാർ നൽകുന്നത്;

(ബി) ശമ്പളമില്ലാതെ ഒരു രൂപ ഓണറേറിയം കൈപ്പറ്റി സേവനമനുഷ്ഠിക്കുമെന്ന് കമ്മീഷൻ ചെയർപേഴ്സൺ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ 1996-97, 1998-99 തുടങ്ങിയ വർഷങ്ങളിൽ കൈപ്പറ്റിയ ശമ്പളം എത്ര;

(സി) വനിതാ കമ്മീഷൻ ചെയർപേഴ്സന് വീട്ടിലും ഓഫീസിലും ക്യാമ്പ് ഓഫീസിലും ഫോൺ അനുവദിച്ചിട്ടുണ്ടോ; 1996,1997,1998,1999 വർഷങ്ങളിൽ ചെയർപേഴ്സന്റെ ഫോണിനായി നൽകിയ തുക എത്ര?

ഉത്തരം

(എ) വനിതാ കമ്മീഷൻ ചെയർപേഴ്സന് ക്യാബിനറ്റ് മന്ത്രിയുടെ പദവി നൽകിയിട്ടുണ്ട്. പ്രതിമാസം 6000 രൂപ ഓണറേറിയം അനുവദിച്ചിട്ടുണ്ട്. ക്ളാസ് 1 ഓഫീസർമാർക്കുള്ള റ്റി.എ., ഡി.എ സൗകര്യവും വീട്ടിൽ ഒരു ഫോണും അനുവദിച്ചിട്ടുണ്ട്. ചെയർപേഴ്സന്റെ പേഴ്സണൽ സ്റ്റാഫിൽ വിവിധ തസ്തികകളിലായി 14 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്ത് ഡി.എ. ഹാൾടിന് 100 രൂപയും ട്രെയിൻ യാത്രയും 1-ാം ക്ളാസ്സിലോ

LIBRARY ARCHIVES Kerala Legislative Assembly

എയർകണ്ടീഷൻ ക്ലാസ്സിലോ ഉള്ള യാത്രാനിരക്കും ഇൻസിഡന്റൽ ചിലവി നായി കിലോമീറ്ററിന് 25 പൈസാ നിരക്കിലും ലഭിക്കുന്നുണ്ട്. അന്യസംസ്ഥാ നത്ത് 150 രൂപ ഡി.എ. യും സംസ്ഥാനത്തിനകത്ത് ട്രെയിനിലോ വിമാന ത്തിലോ പോകുമ്പോഴുള്ള അനുവദനീയമായ യാത്രാബത്തയും ദിനബ ത്തയും ലഭിക്കുന്നുണ്ട്. സർക്കാരാശുപത്രികളിലും സർക്കാർ ഇതര ചികിത്സാ സ്ഥാപനങ്ങളിലും വനിതാ കമ്മീഷൻ അധ്യക്ഷയ്ക്കും കുടുംബാംഗങ്ങൾക്കും സൗജന്യ ചികിത്സാ സൗകര്യം അനുവദിച്ചിട്ടുണ്ട്. സർക്കാരിതര മെഡിക്കൽ പ്രാക്ടീഷണറുടെ കീഴിൽ നടത്തുന്ന വൈദ്യ പരിശോധനക്കും ചികി ത്സയ്ക്കും ചെലവാക്കുന്ന മുഴുവൻ തുകയും റീഇംപേഴ്സ് ചെയ്തു കിട്ടുന്ന തിന് ചെയർ പേഴ്സന് അർഹതയുണ്ട്. കൂടാതെ ടൂറിസം വകുപ്പിന്റെ കീഴി ലുള്ള ഗസ്റ്റ് ഹൗസുകളിലും ടൂറിസ്റ്റു ബംഗ്ളാവുകളിലും ഡൽഹിയിലുള്ള കേരളാ ഹൗസിലും പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള ഗസ്റ്റു ഹൗസുക ളിലും സംസ്ഥാന മന്ത്രിമാർക്കു ലഭിക്കുന്ന അതേ സൗകര്യം വനിതാ കമ്മീ ഷൻ അധ്യക്ഷക്കും അനുവദിച്ചിട്ടുണ്ട്.

(ബി) വനിതാ കമ്മീഷന്റെ ആദ്യഘട്ടത്തിൽ അതിന്റെ പ്രവർത്തനം ഒരു മുഴുവൻ സമയജോലിയായി വിഭാവന ചെയ്തിരുന്നില്ല. അതിനാൽ ഓണ റേറ്റിയം വാങ്ങുന്നതല്ലായെന്നും ഈ തുക കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശി ക്കുന്ന സ്ത്രീകൾക്കായുള്ള ക്ഷേമനിധിയിലേക്കു നൽകുന്നതാണെന്നും അറി യിച്ചിരുന്നു. എന്നാൽ ഓണറേറിയം വാങ്ങാതെ ക്ഷേമനിധിയിൽ ഡിപ്പോസിറ്റു ചെയ്യാൻ നിർവ്വാഹമില്ലാതെ വന്നു. കൂടാതെ കമ്മീഷനിലെ ജോലി ഒരു മുഴു വൻ സമയജോലിയാകുകയും സാഹിത്യപ്രവർത്തനം ഉൾപ്പെടെ ചെയ്തുകൊ ണ്ടിരുന്ന ജോലി നിർത്തിവയ്ക്കേണ്ടിവരുകയും ചെയ്ത സാഹചര്യത്തിൽ ചെയർപേഴ്സൻ ഓണറേറിയം വാങ്ങുകയുണ്ടായി. 1996-97, 97-98 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ 1,47,484 രൂപയും 1998-99 സാമ്പത്തിക വർഷത്തിൽ 72000/-രൂപയും ഓണറേറിയം ആയി ചെയർപേഴ്സൻ വാങ്ങിയി ട്ടുണ്ട്.

(സി) വനിതാ കമ്മീഷൻ ചെയർപേഴ്സന്റെ വീട്ടിൽ ടെലഫോൺ അനുവദിച്ചിട്ടുണ്ട്. ഇതിന് 1996 മുതൽ ഇതുവരെയായി 104602/- രൂപ ചെലവാ യിട്ടുണ്ട്., വനിതാ കമ്മീഷൻ ഓഫീസിൽ ചെയർപേഴ്സനും മറ്റ് ആറ് അംഗ ങ്ങളും കൂടി ഒരു ഫോൺ ആണ് ഉപയോഗിക്കുന്നത്. ഈ ഫോണിന് 1996 മുതൽ നാളിതുവരെ 2,27,879/- രൂപ ആയിട്ടുണ്ട്. ചെയർപേഴ്സന് ക്യാമ്പ് ഓഫീസിൽ പ്രത്യേക ഫോൺ അനുവദിച്ചിട്ടില്ല. എന്നാൽ കമ്മീഷന്റെ ഒരു വിഭാഗവും കമ്മീഷൻ സെക്രട്ടറിയും ടി ഓഫീസിൽ പ്രവർത്തിച്ചിരുന്നതി നാൽ 16.12.96 മുതൽ കമ്മീഷൻ ഓഫീസിൽ ഉപയോഗിച്ചിരുന്ന ശ്രീമതി റോസമ്മ പുന്നൂസിന്റെ പേരിലുള്ള പേഴ്സണൽ ഫോണും 2.1.97-മുതൽ ഉപ യോഗിച്ചിരുന്ന ചെയർ പേഴ്സന്റെ പേഴ്സണൽ ഫോണും ക്യാമ്പ് ഓഫീ സിൽ 1.10.98 വരെ ഉപയോഗിച്ചിരുന്നു.

(ഡി) ടി ഫോണുകൾക്ക് 1.10.98 വരെ 69214/- രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly